പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2206

15/07/2011-ൽ മറുപടി നല്കേണ്ടിയിരുന്നത്

## ടാറ്റയുടെ കൈവശമുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ശ്രീ. പി. ഉബൈദുള്ള: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ടാറ്റയുടെ കൈവശമുള്ള മൂന്നാറിലെ ഭൂമി സർവ്വെ ചെയ്ത് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (എ) ടാറ്റയുടെ കൈവശമുള്ള മൂന്നാറിലെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് ഭൂമി കേരളം മുഖേന റീസർവ്വെ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ടാറ്റയുടെ കൈവശം, അവർക്ക് നല്കിയതിനേക്കാൾ കൂടുതൽ ഭൂമിയുണ്ട് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ടാറ്റയുടെ കൈവശം, അവർക്ക് നല്കിയതിനേക്കാൾ കൂടുതൽ ഭൂമിയുണ്ട് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഭൂമി കേരളം മുഖേന റീസർവ്വെ നടപടികൾ നടന്നുവരുന്നത്. |
| (സി) സംസ്ഥാനത്ത് ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കീഴിൽ അനധികൃതമായി വസ്തുവുണ്ട് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) എങ്കിൽ പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനി ബഹു: സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സിവിൽ അപ്പീൽ നമ്പർ 309 & 310/2003 -ാം നമ്പർ കേസിലെവിധി പ്രകാരം വയനാട് ജില്ലയിലെ ഹാരിസൺ മലയാളം പ്ലാന്റേഷൻ കൈവശത്തിലുള്ള ഭൂമിയുടെ സർവ്വ ജോലികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന്റെ 14/06/2011ലെ ജി.ഒ.(ആർറ്റി) നം. 2520/11/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലും മറ്റ് ജില്ലകളിലുമായി വ്യാപിച്ചുകിടക്കുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ വക സ്ഥലത്തിന്റെ സർവ്വെ ജോലികൾ പൂർത്തിയാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനി കൈവശം വച്ചിട്ടുള്ള സ്ഥലത്തിന്റെ സർവ്വെ ജോലികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട സർവ്വെ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ